കുഴൽകിണറുകളുടെ പണി പൂർത്തിയായി. ബാക്കിയുള്ളവ എത്രയും വേഗം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

മണ്ണാർ–കാവുംകുളം ശുദ്ധജലവിതരണപദ്ധതി

132 [145] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുള്ള കോഴിക്കോട് ജില്ലയിലെ കടലുണ്ടി പഞ്ചായത്തിലെ മണ്ണാർ–കാവുംകുളം ശുദ്ധജലവിതരണ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ എവിടംവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ പദ്ധതിക്കു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നു.

രാമനാട്ടുകര പഞ്ചായത്തിലെ പരുത്തിപ്പാറയിലെ ശുദ്ധജല വിതരണം

133 [146] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനജല അതോറിറ്റി കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര പഞ്ചായത്തിലെ പരുത്തിപ്പാറ എന്ന സ്ഥലത്ത് ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ച പമ്പ്സെറ്റ് ഇലക്ട്രിസിറ്റി കണക്ഷൻ നൽകാത്തതുമൂലം പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ലയെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പമ്പ്സെറ്റിന് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിന് ജലമലിനജല അതോറിറ്റി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ, ബി) ഉണ്ട്. പരുത്തിപ്പാറ പമ്പ് സെറ്റിന് ഇലക്ട്രിസിറ്റി കണക്ഷൻ നൽകുന്നതിലേക്കായി ഇലക്ട്രിസിറ്റി ബോർഡിനോട് അപേക്ഷിച്ചിട്ടുണ്ട്. കണക്ഷൻ ഉടനെതന്നെ ലഭിക്കുന്നതിനു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

നേമം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണപദ്ധതി

134 [147] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടുകൂടി നേമം നിയോജകമണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ എവിടെവരെയായി എന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly